# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3032** | **22-06-2012 ൽ മറുപടിയ്ക്ക്**

## നെൽകൃഷിയിൽ വനിതകളുടെ പങ്കാളിത്തം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വനിതകളുടെ പങ്കാളിത്തം കൃഷിയിൽ വർദ്ധിപ്പിക്കുന്നതിനുദ്ദേശിച്ച് ലേബർ ബാങ്ക് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദ വിവരം വ്യക്തമാക്കുമോ; | (എ) വനിതകൾക്കുമാത്രമായി ലേബർ ബാങ്ക് പദ്ധതി സംസ്ഥാനത്ത് ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ 2010-11, 2011- 12 എന്നീ വർഷ ങ്ങളിലെ സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം നടപ്പിലാക്കിയ വടക്കാഞ്ചേരി മോഡൽ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 12 ബ്ലോക്കുകളിൽ 2010- 11, 2011- 12 വർഷങ്ങളിൽ തൊഴിൽ സേന രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത തൊഴിൽസേനയിൽ വനിതകൾക്കും പങ്കാളികളാകാവുന്നതാണ്. |
| (ബി) ഈ മേഖലയിലെ സ്ത്രീശാക്തീകരണത്തിന് ഏതെല്ലാം ഏജൻസികളുടെ സഹകരണമാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) ഈ മേഖലയിലെ സ്ത്രീശാക്തീകരണത്തിൽ എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള വനിതകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. |
| (സി) ഈ പദ്ധതി പ്രവർത്തനത്തിനുള്ള ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച വിവരം നൽകാമോ; | (സി) യും (ഡി) യും } ബാധകമല്ല. |
| (ഡി) ഇതിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും, മോണിട്ടർ ചെയ്യുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ